# കേരളസർവകലാശാല

നം.പി.ആർ.114 (a)/2024 തിരുവനന്തപുരം, തീയതി: 24/05/2024

## പത്രക്കുറിപ്പ്

### അഫിലിയേറ്റഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് പരിശീലന പരിപാടി

കേരളസർവകലാശാലയുടെ ആഭിമുഖ്യത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെ അനദ്ധ്യാപ ജീവനക്കാർക്കായി കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൽ സംഘടിപ്പിച്ച മേഖലാതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ.ഷിജു ഖാൻ ജെ.എസ്. നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ.ജയൻ എസ്. അദ്ധ്യക്ഷനായ ചടങ്ങിൽ, കോളേജ് പ്രിൻസിപ്പൽ ഡോ.സിന്ത്യാ കാതറിൻ മൈക്കിൾ, സെനറ്റ് അംഗം അഹമ്മദ് ഫൈസൽ വൈ. എന്നിവർ ആശംസയർപ്പിച്ചു. സർവകലാശാല സെനറ്റ് അംഗം വൈ.ഓസ്ബോൺ നന്ദി രേഖപ്പെടുത്തി.

നാല് വർഷ ബിരുദ പാഠ്യപദ്ധതി സംബന്ധിച്ച് FYUGP സർവകലാശാല ജോയിന്റ് കോ-ഓർഡിനേറ്റർ ഡോ. സോജു എസ്., അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് അഞ്ചു എം.എസ്., ശ്രീരാജ് ആർ. (കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം) എന്നിവർ ക്ലാസുകൾ നയിച്ചു. 2024 മെയ് 25 ന് വിവിധ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കും. ക്ലാസുകൾ വൈകിട്ട് സമാപിക്കും.

**(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**